# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:170 08.06.2015 ൽ മറുപടിക്ക്

## കണ്ണൂർ വിമാനത്താവള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ് :<br>,, എ.പി.അബ്ദുള്ളക്കുട്ടി:<br>,, ഐ.സി.ബാലകൃഷ്ണൻ :<br>,, ഷാഫി പറമ്പിൽ : | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | 1. വിമാനത്താവളത്തിനുവേണ്ടി ഇതിനകം 1278 ഏക്കർ ഭൂമി രണ്ടുഘട്ടങ്ങളിലായി ഏറ്റെടുക്കുകയും ഇതിൽ 1265.88 ഏക്കർ ഭൂമി കിയാലിന് കൈവശം ലഭിക്കുകയും ചെയ്തു. മൂന്നാം ഘട്ടത്തിൽ ഇതുവരെയായി 612 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ആയത് ഇപ്പോൾ കിൻഫ്രയുടെ അധീനതയിലാണ്.<br>2. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെയും പ്രതിരോധമന്ത്രാലയത്തിന്റെയും അഭ്യന്തരമന്ത്രാലയത്തിന്റെയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെയും അനുമതിയും DGCA സൈറ്റ് ക്ലിയറൻസും ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്.<br>3. വിമാനത്താവളത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ വിശദമായ പ്രൊജക്ട് റിപ്പോർട്ടും (ഡി.പി.ആർ) മാസ്റ്റർ പ്ലാനും പ്രൊജക്ട് ഇൻഫർമേഷൻ മെമ്മോറാണ്ടം തുടങ്ങിയവക്കും കണ്ണൂർ വിമാനത്താവളത്തിന്റെ ബോർഡ് യോഗം അംഗീകാരം നൽകിയിട്ടുണ്ട്.<br>4. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെയുടെയും എയർസൈഡ് പ്രവർത്തികളുടെയും കരാർ (ഇ.പി.സി-1) 694 കോടി രൂപയ്ക്ക് 2013 നവംബർ5ന് ലാർസൺ & ട്യൂബ്രോ ലിമിറ്റഡിന് നൽകുകയുണ്ടായി. അവർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പ്രവൃത്തി ഇപ്പോൾ 55% പൂർത്തിയാ |

| | | | |
|---|---|---|---|
| | | | യിട്ടുണ്ട്. വിമാനത്താവളത്തിൽ നിന്നുള്ള പരീക്ഷണപ്പറക്കൽ 2015 ഡിസംബർ മാസം നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനമാണ് നടക്കുന്നത്.<br>5. കണ്ണൂർ വിമാനത്താവളത്തിന്റെ ടെർമിനൽ ബിൽഡിംഗിന്റെയും 30 മീറ്റർ ഉയരംവരുന്ന എയർട്രാഫിക് കൺട്രോളിന്റെയും ഫ്ളൈ ഓവറിന്റെയും നിർമ്മാണത്തിനുള്ള കരാർ 498.7 കോടി രൂപയ്ക്ക് ലാർസൺ & ട്യൂബ്രോ ലിമിറ്റഡിന്റെ ബി&എഫ് വിഭാഗത്തിന് കരാർ നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തി 35% പൂർത്തിയായിട്ടുണ്ട്. ലിഫ്റ്റ്, എലിവേറ്റർ, എയ്റോബ്രിഡ്ജ്, കൺവെയർ ബെൽട്ട് എന്നിവയുടെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.<br>6. പദ്ധതി നടത്തിപ്പിനാവശ്യമായ തുക ഓഹരിമൂലധനമായും ബാങ്കുവായ്പയായും സമാഹരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. എയർപോർട്ട് പി.എസ്.യുവിന് വേണ്ടി നീക്കിവെച്ച 260 കോടിയിൽ 100 കോടി രൂപക്കുള്ള ധാരണാപത്രം ഉടൻ ഒപ്പുവെക്കും. 160കോടി രൂപക്കുള്ള ചർച്ചകൾ പുരോഗമിച്ചുവരുന്നു. സ്വകാര്യ മേഖലക്കുള്ള 160 കോടിയിൽ 140.56 കോടി രൂപക്കുള്ള ഷെയർ വിറ്റഴിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ 892 കോടിരൂപ ബാങ്കുവായ്പ ലഭ്യമാക്കുന്നതിനായി കനറാബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ബാങ്കുകൾ ഉൾപ്പെട്ട ബാങ്കുകളുടെ കൺസോർഷ്യവുമായി ധാരണാപത്രം 2015 മെയ് 20ന് ബാങ്കുകളും കിയാലും ഒപ്പുവെച്ചു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | (ബി) | ഉണ്ട്. കേന്ദ്ര വനം-പാരിസ്ഥിതിക മന്ത്രാലയത്തിന്റെ 19 ജൂലൈ 2013ലെ ഉത്തരവ് പ്രകാരം പദ്ധതിക്ക് പാരിസ്ഥിതിക മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാനുള്ള അനുമതി കേരള മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും 12.12.2013ന് ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ; | (സി) | വിമാനത്താവളത്തിന്റെ റൺവെയുടെയും എയർസൈഡ് പ്രവർത്തികളുടെയും കരാർ (ഇ. പി.സി-1) 694 കോടി രൂപയ്ക്ക് 2013 നവംബർ5ന് ലാർസൺ & ട്യൂബ്രോ ലിമിറ്റഡിന് നൽകുകയുണ്ടായി. അവർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പ്രവൃത്തി ഇപ്പോൾ 50% പൂർത്തിയായിട്ടുണ്ട്.<br>ടെർമിനൽ ബിൽഡിംഗിന്റെയും 30 മീറ്റർ ഉയരംവരുന്ന എയർട്രാഫിക് കൺട്രോളിന്റെയും ഫ്ളൈ ഓവറിന്റെയും നിർമ്മാണത്തിനുള്ള കരാർ 498.7 കോടി രൂപയ്ക്ക് ലാർസൺ & ട്യൂബ്രോ ലിമിറ്റഡിന്റെ ബി&എഫ് വിഭാഗത്തിന് കരാർ നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തി 35% പൂർത്തിയായിട്ടുണ്ട്. ലിഫ്റ്റ്, എലിവേറ്റർ, എയ്റോബ്രിഡ്ജ്, കൺവെയർ ബെൽട്ട്, ക്രാഷ് ഫയർ ടെണ്ടർ എന്നിവയുടെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| (ഡി) | കണ്ണൂർ വിമാനത്താവളം എന്ന് മുതൽ പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (ഡി) | 2015 ഡിസംബർ മാസത്തിൽ പരീക്ഷണപ്പറക്കൽ നടത്താനും 2016 മെയ് മാസത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കാനുമാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ മിഷൻ 676ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വിശദമാക്കുമോ ? | | നവരത്ന പദ്ധതിയിലുൾപ്പെട്ട കണ്ണൂർ വിമാനത്താവളത്തിന്റെ 'മിഷൻ 676' പ്രകാരമുള്ള തുടർ പ്രവർത്തനങ്ങൾക്ക് വർക്ക് ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. ഇതുപ്രകാരം വിമാനത്തിന്റെ പരീക്ഷണപ്പറക്കൽ 2015 ഡിസംബർ മാസത്തിലും വാണിജ്യാടിസ്ഥാനത്തിലുള്ള സർവ്വീസ് 2016 മെയ് മാസത്തിലുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ